# കേരള പബ്ലിക് സർവീസ് കമ്മീഷൻ
## ജില്ലാ ആഫീസ്: പത്തനംതിട്ട

പി.എൽ.നമ്പർ : 4/2008/ഡി.ഒ.എച്ച് പത്തനംതിട്ട
കാറ്റഗറി നമ്പർ : 106/2006. 18.12.2008.

## വിജ്ഞാപനം

13.10.2006 -ലെ ഗസറ്റ് വിജ്ഞാപനപ്രകാരം പത്തനംതിട്ട ജില്ലയിൽ ലാൻറ് റവന്യൂ വകുപ്പിൽ 2650-4150 രൂപ ശമ്പള നിരക്കിൽ വില്ലേജ്മാൻ (പട്ടികവർഗ്ഗക്കാരിൽനിന്നുമാത്രം) **(കാറ്റഗറി നമ്പർ**:106/2006) തസ്തികയിലേയ്ക്ക് തെരഞ്ഞെടുക്കുന്നതിന് 03.05.2008-തീയതിയിൽ നടത്തിയ ഒബ്ജക്ടീവ് (ഒ.എം.ആർ) പരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക് പട്ടികയിൽ ഉൾപ്പെടുത്താൻ സോപാധികമായി അർഹതനേടിയ ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ ഉൾപ്പെട്ട സാദ്ധ്യതാ ലിസ്റ്റ് ചുവടെ ചേർക്കുന്നു. പ്രസ്തുത ലിസ്റ്റ് ഉദ്യോഗാർത്ഥികളുടെ റാങ്ക് അടിസ്ഥാനത്തിലുള്ളതല്ല. പരീക്ഷയ്ക്ക് അനുവദിച്ച രജിസ്റ്റർ നമ്പരിൻെറ ക്രമമനുസരിച്ചാണ് കൊടുത്തി രിക്കുന്നത്. റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിന് മുന്നോടിയായി സാദ്ധ്യതാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ ജനനത്തീയതി, ജാതി വിദ്യാഭ്യാസയോഗ്യത മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ അസ്സൽ രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

പരീക്ഷയിൽ 4(നാല്) മാർക്കും അതിനുമുകളിലും ലഭിച്ച ഉദ്യോഗാർത്ഥി കളെയാണ് ഈ സാദ്ധ്യതാ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് സാദ്ധ്യതാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അസ്സൽ സർട്ടിഫിക്കറ്റുകളുടെ പരിശോധന, സൈക്കിളിംഗ് ടെസ്റ്റ് എന്നിവയുടെ സ്ഥലവും തീയതിയും സമയവും പിന്നീട് അറിയിക്കുന്നതാണ്.

പത്തനംതിട്ട ജില്ലയെ സൂചിപ്പിക്കുന്നതിനായി രജിസ്റ്റർ നമ്പറുകളുടെ മുൻപിൽ 'എച്ച്' ചേർത്തു വായിക്കേണ്ടതാണ്.

<u>സാദ്ധ്യതാ പട്ടിക</u>

| | | | | | | |
|---|---|---|---|---|---|---|
| **100001** | **100004** | **100007** | **100008** | **100009** | **100010** | **100014** |
| **100017** | **100018** | **100019** | **100021** | **100022** | **100024** | **100026** |
| **100027** | **100030** | **100031** | **100032** | **100033** | **100034** | **100036** |
| **100044** | **100045** | **100046** | | | | |

<u>കുറിപ്പ്:1.</u>അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ സാദ്ധ്യതാ പട്ടികയിൽ രജിസ്റ്റർ നമ്പരുകൾ ഉൾപ്പെടുത്തിയിരിക്കുന്നത് തികച്ചും സോപാധിക മായിട്ടാണ്. ഈ പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടുണ്ട് എന്നത് കൊണ്ടുമാത്രം റാങ്ക്പട്ടികയിൽ പേര് ചേർക്കപ്പെടാൻ ഉദ്യോഗാർത്ഥികൾക്ക് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

2).ഉദ്യോഗാർത്ഥികൾ അവരുടെ അപേക്ഷയിൽ നൽകിയിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. പിന്നീട് ഉന്നയിക്കുന്ന അവകാശ ങ്ങളൊന്നും യാതൊരുകാരണവശാലും പരിഗണിക്കുന്നതല്ല.

3)ഉദ്യോഗാർത്ഥികൾ അവരുടെ ജനനത്തീയതി, ജാതി, വിദ്യാഭ്യാസയോഗ്യത മുതലായവ തെളിയിക്കുന്നതിനവശ്യമായ അസ്സൽ പ്രമാണങ്ങളുടെ പരിശോധനയ്ക്കും സൈക്കിളിംഗ് ടെസ്റ്റിനുമായി നിശ്ചിത സ്ഥലത്തും സമയത്തും ഉദ്യോഗാർത്ഥി നേരിട്ട് സ്വന്തം ചെലവിൽഹാജരാകേണ്ടതാണ്. അസ്സൽ പ്രമാണങ്ങളുടെ പരിശോധനയ്ക്കും സൈക്കി ളിംഗ് ടെസ്റ്റിനും നേരിട്ട് ഹാജരാകാത്ത ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പരുകൾ ഈ ലിസ്റ്റിൽ നിന്നും മറ്റൊരറിയിപ്പ് കൂടാതെ നീക്കം ചെയ്യുന്നതാണ്. സൈക്കിളിംഗ് ടെസ്റ്റിൽ നിന്നും സ്ത്രീകളെ ഒഴിവാക്കിയിട്ടില്ല.

## ഉദ്യോഗാർത്ഥികളുടെ പ്രത്യേക ശ്രദ്ധയ്ക്ക്.

ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അസ്സൽ പ്രമാണങ്ങളുടെ പരിശോധന, സൈക്കിളിംഗ് ടെസ്റ്റ് എന്നിവയുടെ സ്ഥലവും തിയതിയും സംബന്ധിച്ച വ്യക്തിഗത മെമ്മോ അയയ്ക്കുന്നതാണ്.

സമയബന്ധിതമായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതിനാൽ അസ്സൽ രേഖകളും പകർപ്പും ഹാജരാക്കുന്നതിന് കൂടുതൽ സമയം അനുവദിക്കുകയോ വീണ്ടും ഒരവസരം നൽകുകയോ ചെയ്യുന്നതല്ല. ആകയാൽ അവസരം നഷ്ടപ്പെടാതിരിക്കാൻ ഉദ്യോഗാർത്ഥി കൾ ദിവസവും സമയവും കൃത്യമായി മനസിലാക്കി കൃത്യസമയത്ത് നേരിട്ട് ഹാജരാകേണ്ടതാണ്.

### ഉദ്യോഗാർത്ഥികൾ ഹാജരാക്കേണ്ട സർട്ടിഫിക്കറ്റുകൾ.

1. ജനനത്തീയതി - എസ്.എസ്.എൽ സി യുടെ ബന്ധപ്പെട്ട പേജ്/സ്ക്കൂൾ അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ്.
2. വിദ്യാഭ്യാസ യോഗ്യത- ഏഴാം ക്ലാസ്/തേഡ് ഫാറം വിജയിച്ചു എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.
3. ജാതി, സമുദായം(സംവരണാനുകൂല്യത്തിന്)-ജാതി സർട്ടിഫിക്കറ്റ് (അസ്സലും പകർപ്പും)
4. വിമുക്ത ഭടന്മാർ- ഡിസ്ചാർജ് സർട്ടിഫിക്കറ്റ്,പെൻഷൻ പേയ്മെന്റ് ഓർഡർ എന്നിവയുടെ അസ്സലും പകർപ്പും.
5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്.
6. കായികതാരങ്ങൾ:- സ്പോർട്ട്സ് കൗൺസിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും.

7.സർവ്വീസിലുള്ള ഉദ്യോഗാർത്ഥികൾ- ബന്ധപ്പെട്ട വകുപ്പ് മേധാവി/ആഫീസ് മേധാവിയിൽ നിന്നോ ലഭിച്ച നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റിന്റെ അസ്സൽ.

8.പേര്, ജനനത്തീയതി, ജാതി, ഒപ്പ് എന്നിവയുടെ വ്യത്യാസം വരുത്തിയിട്ടുള്ളവർ അവ തെളിയിക്കുന്നതിന് ആവശ്യമായ വിജ്ഞാപനവും പകർപ്പും.

9)മറ്റെന്തെങ്കിലും അർഹതയുണ്ടെങ്കിൽ അവ തെളിയിക്കുന്ന സർട്ടിഫിക്കറ്റും ശരിപ്പകർപ്പും.

(കമ്മീഷന്റെ ആജ്ഞാനുസരണം)

ജി. രവീന്ദ്രനാഥൻ
ജില്ലാ ഓഫീസർ,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ഓഫീസ്, പത്തനംതിട്ട

Jm/dopta5/pta3/